**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1364** 01.07.2015- ൽ മറുപടിക്ക്

**എൻ.എച്ച്-17, എൻ.എച്ച്-47 പാതകളുടെ വികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി.ജയരാജൻ**<br>**,, ജി.സുധാകരൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**,, എസ്. ശർമ്മ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) എൻ.എച്ച്-17, എൻ.എച്ച്-47 എന്നീ പാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ പാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹൈവേ അതോറിറ്റി അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ; | (എ) & (ബി) കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച് 17ഉം എൻ.എച്ച് 47ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരി പ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയ പാത അതോറിറ്റിക്ക് കൈമാറിയിരുന്നു. ദേശീയപാതകളുടെ വീതി 60 മീറ്റർ ആയിരിക്കണമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിലപാട്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എൻ.എച്ച് 17ന്റെയും എൻ.എച്ച് 47-ന്റെയും വീതി 45 മീറ്റർ ആയി നിജപ്പെടുത്താൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. എൻ.എച്ച് 47-ലെ വാളയാർ മുതൽ അരൂർ വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരികയാണ്. എൻ.എച്ച് 47 ലെ കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള (തിരുവനന്തപുരം ബൈപ്പാസ്) ഭാഗത്തെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ഭാഗം നാലു വരിയായി വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി 669.06 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. മുക്കോല മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് നടപടികളും പൂർത്തീകരിച്ചു വരുന്നു. എൻ.എച്ച് 17ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച് 47ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി |

നീണ്ടുപോകുന്ന സാഹചര്യത്തിൽ ഈ ഭാഗത്തെ വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറിയിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തെ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതാണെന്ന് ഉറപ്പു നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഈ ഉറപ്പിന്മേൽ ദേശീയപാത വികസന പദ്ധതിയിൽ നിന്നും പിന്മാറിയ തീരുമാനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ പാതകളുടെ വികസനത്തിന് എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എത്ര ഹെക്ടർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാതയ്ക്ക് വേണ്ടി ഇനി ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തലപ്പാടി - കണ്ണൂർ | - 303.27 ഹെക്ടർ |
| കണ്ണൂർ - വെങ്ങളം | - 248.58 ഹെക്ടർ |
| വെങ്ങളം - കുറ്റിപ്പുറം | - 143.19 ഹെക്ടർ |
| കുറ്റിപ്പുറം - ഇടപ്പള്ളി | - 282.20 ഹെക്ടർ |
| ചേർത്തല – ഓച്ചിറ | - 114.00 ഹെക്ടർ |
| ഓച്ചിറ – കഴക്കൂട്ടം | - 142.00 ഹെക്ടർ |

തിരുവനന്തപുരം ബൈപ്പാസിലെ മുക്കോല മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെ 96.034 ഹെക്ടർ സ്ഥലമെടുപ്പ് പൂർത്തിയായി വരുന്നു.

(ഡി) സ്ഥലമെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്ഥല ഉടമകളുമായി ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇവർക്ക് സ്വീകാര്യമായ ഒരു പാക്കേജ് തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ദേശീയപാത വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956-ലെ എൻ.എച്ച് ആക്ട് പ്രകാരമാണ്. എന്നാൽ 01.01.2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ പാതകളുടെ വികസനം കേന്ദ്രം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | സ്ഥലമെടുപ്പിലെ കാലതാമസം കാരണം എൻ.എച്ച് 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച് 47ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസന പദ്ധതിയിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറിയ തീരുമാനം പിൻവലിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

Lalitha

സെക്ഷൻ ഓഫീസർ